# അതിജീവനത്തിന്റെ നാളുകളിലൂടെ..

## വാമനപുരം സി.ഡി.എസ്

### വാമനപുരം ബ്ലോക്ക്

### തിരുവനന്തപുരം

ചെയർപേഴ്സൺ : ഹസീന ബീഗം 9746541868

ബ്ലോക്ക് കോഓർഡിനേറ്റർ : ആര്യ ആർ ജി.9745641476

## ആമുഖം

വാമനപുരം ബ്ലോക്കിലെ മികച്ച സി ഡി എസുകളിൽ  ഒന്നാണ് വാമനപുരം സി ഡി എസ്.നാളിതുവരെ കുടുംബശ്രീ പ്രവർത്തനങ്ങൾ മികച്ച നിലയിൽ നടന്നുകൊണ്ടിരിക്കുകയും ഏതു രംഗത്തും തന്റേതായ മികവ് നൽകുന്ന സി ഡി എസുകളിൽ ഒന്നാണ് വാമനപുരം സി ഡി എസ് .ഈ കോവിഡ് കാലത്തും ഏറ്റവും മികച്ച പ്രവർത്തനങ്ങളാണ് അവർ കാഴ്ച വച്ചത്.ആകെ 238 അയൽക്കൂട്ടങ്ങളിലായി 3831 അംഗങ്ങളാണ് ഉള്ളത് .ഇവരെല്ലാം തന്നെ ഈ കൊറോണ കാലത്തു അവരുടേതായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു .

## സംഘടന

പെട്ടന്നുണ്ടായ ഈ അവസ്ഥയെ മറികടക്കുന്നതിനായി സി ഡി എസ് എ ഡി എസ് തലങ്ങളിൽ യോഗങ്ങൾ കൂടുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ലോക്ക് ഡൌൺ കാലത്തിന്റെ ആദ്യ നാളുകളിൽ താഴെ തട്ടിൽ ഉള്ളവരെ ഉൾപ്പെടുത്തി വാട്സ് അപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും,238 അയൽക്കൂട്ടങ്ങളിലായി 2193 അംഗങ്ങളാണ് ഉള്ളത്  , ജില്ലാ മിഷനിൽ നിന്നും നൽകിയ കുറിപ്പുകൾ അയൽക്കൂട്ടങ്ങളിൽ എത്തിക്കുകയും  കോവിഡിനെ കുറിച്ചുള്ള അവബോധം അവരിൽ ഉണ്ടാക്കുകയും ചെയ്തു. ബ്രേക്ക് ദി ചെയിൻ എന്ന ആശയം നടപ്പാക്കുവാൻ  പ്രധാനപ്പെട്ട ഇടങ്ങളിൽ വെള്ളവും ഹാൻഡ് വാഷും സ്ഥാപിക്കുകയും ,പ്രധാനപ്പെട്ട ഇടങ്ങളിൽ അണു നശീകരണം നടത്തുകയും ചെയ്തു .ലോക്ക് ഡൌൺ സമയത്തു കുടുംബശ്രീ അംഗങ്ങൾക്കും വയോജനങ്ങൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ സർഗോത്സവം എന്ന പേരിൽ വാട്സ് അപ്പ് ഗ്രൂപ്പുവഴി പരുപാടി തുടങ്ങുകയും അത് മികച്ച രീതിയിൽ മുന്നോട്ടുപോകുകയും ചെയ്തു.

## മൈക്രോഫിനാൻസ്

ലോക്ക് ഡൌൺ സമയത്തെ സാമ്പത്തികമായി ബുദ്ധിമുട്ടു അനുഭവിച്ചവർക്ക് മുഖ്യമന്ത്രി സഹായം ഹസ്ത വായ്പ ഒരു മുതൽ കൂട്ടായിരുന്നു .238 അയൽക്കൂട്ടങ്ങളിൽ 181 അയൽക്കൂട്ടങ്ങളാണ് ഇതിന് യോഗ്യതരായിട്ടുള്ളത് .



# മൈക്രോ എന്റർപ്രൈസസ്

കോവിഡ് കാലത്തു മനുഷ്യ ശരീരത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിരിക്കുകയാണ് മാസ്ക് .ആയിരത്തി അഞ്ഞൂറോളം മാസ്‌ക്കുകളാണ് കുടുംബശ്രീ പ്രവർത്തകർ നിർമ്മിച്ച് വിവിധ സ്ഥലങ്ങളിൽ നൽകിയത് .

ആകെ 15 വാർഡുകൾ ഉള്ളതിൽ 5 വീതം വാർഡുകൾ കേന്ദ്രീകരിച്ചു 3 കമ്മ്യൂണിറ്റി കിച്ചണുകൾ മാർച്ചു 28 തീയതി മുതൽ മെയ് 3 വരെ പ്രവർത്തിക്കുകയും അത് ഇപ്പോൾ ജനകീയ ഹോട്ടലായി മാറുകയും ചെയ്തു .കമ്മ്യൂണിറ്റി കിച്ചണിലെ പ്രവർത്തനങ്ങൾക്കു വേണ്ടി 103800 രൂപയുടെ സാധനങ്ങൾ കുടുംബശ്രീകളിൽ നിന്നും ശേഖരിച്ചു നൽകി .6 എം ഇ ഗ്രൂപ്പുകൾ സോപ്പും ലോഷനും നിർമ്മിച്ച് നൽകുകയും ചെയ്തു

**കലാകൗമുദി**



## കരുതലായി കുടുംബശ്രീ പ്രവർത്തകരും

വെഞ്ഞാറമൂട്: കോവിഡ് പ്രതിരോധ വ്യാപന നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വാമനപുരം ഗ്രാമപഞ്ചായത്ത് ആരംഭിച്ച സമൂഹ അടുക്കളയ്ക്ക് പിന്തുണയുമായി വാമനപുരം സിഡിഎസ് കുടുംബശ്രീ പ്രവർത്തകരും. ആനച്ചൽ, കാഞ്ഞിരംപാറ, മേലാറ്റ്മൂഴി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സമൂഹ അടുക്കളകൾക്ക് 50,000 രൂപയുടെ പച്ചക്കറികളും അരിയും പലവ്യഞ്ജനങ്ങളും എത്തിച്ചു നൽകിയാണ് പ്രവർത്തകർ പിന്തുണ അറിയിച്ചത്. പ്രവർത്തനങ്ങൾക്ക് സിഡിഎസ് ചെയർപേഴ്സൺ ഹസീന ബീവി നേതൃത്വം നൽകി.

.

**കലാകൗമുദി**

## ഇനി ഇരുപത് രൂപയ്ക്ക് ഊണ്: വാമനപുരം ഗ്രാമ പഞ്ചായത്തിൽ ജനകീയ ഹോട്ടൽ




ജനകീയ ഹോട്ടലിന്റെ പ്രവർത്തനോദ്ഘാടനം ഡി.കെ.മുരളി എം.എൽ.എ നിർവ്വഹിക്കുന്നു

വെഞ്ഞാറമൂട്: കുറഞ്ഞ വിലയ്ക്ക് ഉച്ചയൂണ് നൽകുന്ന ജനകീയ ഹോട്ടൽ വാമനപുരത്തും പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീയുടെ സഹകരണത്തോടെ കളമച്ചൽ, വാമനപുരം, പഴയചന്ത എന്നിവിടങ്ങളിലാണ് ഹോട്ടൽ ആരംഭിച്ചത്.

ഹോട്ടലുകളുടെ ഉദ്ഘാടനം ഡി.കെ.മുരളി എം.എൽ.എ നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ദേവദാസ്, എസ്.കെ.ലെനിൻ, ഹസീന ബീഗം, ഷിജി പുവത്തൂർ, ശ്രീജ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഹോട്ടലിൽ എത്തി പാഴ്സൽ വാങ്ങുന്നവർക്ക് 20 രൂപയ്ക്ക് ഊണ് ലഭ്യമാകും. സംസ്ഥാന സർക്കാരിന്റെ വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായാണ് ജനകീയ ഹോട്ടൽ ആരംഭിച്ചത്.

## ജെ എൽ ജി

26 ജെ എൽ ജി ഗ്രൂപ്പുകളുടെ പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചനുവേണ്ടി സൗജന്യമായി ലഭ്യമാക്കി. ജെ എൽ ജി ഗ്രൂപ്പുകൾ കൃഷിഭവനുമായി സംയോജിച്

പച്ചക്കറി വിത്തുകൾ ലഭ്യമാക്കി .



## സോഷ്യൽ ഡെവലെപ്മെന്റ്

125 അഗതി രഹിത കേരളം ഗുണഭോഗ്താക്കളുടെ വീടുകളിൽ പോഷഹാകര കിറ്റ് എത്തിച്ചു നൽകുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു .114 അഗതി കുടുംബങ്ങളുടെ 60 വയസുകഴിഞ്ഞ വയോജനങ്ങളെ ഫോണിലൂടെ ബന്ധപ്പെടുകയും അവരുടെ ആവിശ്യങ്ങൾ കണ്ടറിഞ്ഞു വേണ്ട മരുന്നുകൾ ലഭ്യമാകുകയും മാനസിക പിന്തുണ നൽകുകയും ചെയ്തു .

**നിർദ്ദേശങ്ങൾ**

1 മറ്റുള്ളവരുമായി സാമൂഹിക അകലങ്ങൾ പാലിക്കുവാൻ നിർദ്ദേശിക്കും

2 സന്നദ്ധസംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കും